# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5008 28.10.2016 ൽ മറുപടിയ്ക്ക്**

## ശീതകാല പച്ചക്കറികളുടെ ഉത്പാദനവും വിപണനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.റ്റി.ടൈസൺ മാസ്റ്റർ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ശീതകാല പച്ചക്കറികളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ശീതകാല പച്ചക്കറികളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക സോൺ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇടുക്കി ജില്ലയിൽ 2000 ഹെക്ടർ പ്രദേശത്ത് ശീതകാല പച്ചക്കറികളുടെ കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂരിൽ പ്രവർത്തിക്കുന്ന സീഡ് പ്രോസസ്സിങ് പ്ലാന്റ്, കാസർഗോഡ്, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന കൃഷി ബിസിനസ്സ് കേന്ദ്രകൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹരിത നഗരി യൂണിറ്റ് എന്നിവ വഴി ശീതകാല പച്ചക്കറികളുടെ വിത്തുകളും തൈകളും വിതരണം ചെയ്തു വരുന്നുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി 260 ലക്ഷം രൂപയുടെ ഒരു മാർക്കറ്റ് സമുച്ചയം ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിലെ ഊർക്കാട് എന്ന സ്ഥലത്ത് നിർമ്മിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br>പച്ചക്കറികർഷകരെ ക്ലസ്റ്റർ മുഖേനയും ഹോർട്ടികോർപ്പിന്റെ സംഭരണ-വിതരണ ശൃംഖല മുഖേനയും ബന്ധപ്പെടുത്തി ശീതകാല പച്ചക്കറികളുടെ വിപണന സംവിധാനം വിപുലീകരിക്കുന്നതാണ്. |
| ബി) | ഏതൊക്കെ പ്രദേശങ്ങളിലാണ് ശീതകാല പച്ചക്കറി കൃഷി നടത്തുന്നതെന്ന് അറിയിക്കാമോ; | ബി) | ഇടുക്കി ജില്ലയിലെ മൂന്നാർ, വട്ടവട, കാന്തല്ലൂർ മറയൂർ, ദേവികുളം എന്നീ പ്രദേശങ്ങളിലും വയനാട് ജില്ലയിലെ അമ്പലവയൽ, മുട്ടിൽ, ബത്തേരി, പനമരം, നീർവാരം, നെന്മേനി എന്നിവിടങ്ങളിലുമാണ് ശീതകാല പച്ചക്കറികൾ കൃഷി ചെയ്തുവരുന്നത്. |

| | | | |
|---|---|---|---|
| സി) | ഇക്കഴിഞ്ഞ ഓണത്തിന് ശീതകാല പച്ചക്കറികൃഷിയിലൂടെ ലഭ്യമായ വിളവ് വിതരണം ചെയ്തിരുന്നോ; എങ്കിൽ ഏത് എജൻസി വഴിയാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ? | സി) | ഇക്കഴിഞ്ഞ ഓണക്കാലത്ത് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി,കെയുടെ സ്വാശ്രയകർഷക സമിതികൾ എന്നിവ വഴി ശീതകാല പച്ചക്കറികൾ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്തു, |

സെക്ഷൻ ഓഫീസർ